(സി) പ്രാവർത്തികമാകുകയാണെങ്കിൽ നേരിട്ട് 500 പേർക്കും അല്ലാതെ 2,500 പേർക്കും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ടെക്നോപാർക്കിലെ കമ്പനികൾ

111 [116] ശ്രീ. എ. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം ടെക്നോപാർക്കിൽ ഇപ്പോൾ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഓരോ കമ്പനിയും എത്ര രൂപ വാടകയ്ക്ക് ആണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാടക അടയ്ക്കാത്ത കമ്പനികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഓരോ കമ്പനിയും സർക്കാരിലേക്ക് അടയ്ക്കേണ്ട വാടക കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വാടക അടയ്ക്കാത്ത കമ്പനികളുടെമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു. ††

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

112 [117] ശ്രീ. ലൂഡി ലൂയിസ്:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കാമോ;

---

† അനുബന്ധം VI കാണുക.

†† അനുബന്ധം VI(എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ടെയ്നർ ടെർമിനലിന്റെ പണി എന്ന് ആരംഭിക്കുവാനും പൂർത്തിയാക്കുവാനുമാണ് ഉദ്ദേശിക്കുന്നത്;

(സി) നിർമ്മാണ പ്രവൃത്തി നടക്കുമ്പോൾ തൊഴിൽ കുഴപ്പങ്ങളുണ്ടാകാതിരിക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊച്ചിൻ പോർട്ട് ട്രസ്റ്റും, കേന്ദ്ര സർക്കാരും ചേർന്ന് കണ്ടെയ്നർ ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കണ്ടെയ്നർ ടെർമിനലിന്റെ വരുമാനത്തിന്റെ 33.30% പങ്കുവെയ്ക്കാമെന്ന ധാരണപ്രകാരം ദുബായ് പോർട്ട് ഇന്റർനാഷണലിന് ടി ടെർമിനൽ സ്ഥാപിക്കുന്നതിനാവശ്യമായ ലൈസൻസ് നൽകാൻ കേന്ദ്ര സർക്കാർ സമ്മതിച്ചു. ആയതിനായുള്ള സമ്മതപത്രം 16-9-2004-ന് ദുബായ് പോർട്ട് ഇന്റർനാഷണലിന് നൽകുകയുണ്ടായി.

2. നിലവിൽ കൊച്ചിയിലുള്ള രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഡി.പി.ഐ. ഏറ്റെടുത്ത് നടത്താനും തുടർന്ന് 4 വർഷത്തിനുള്ളിൽ നിർദ്ദിഷ്ട വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കാനും ഡി.പി.ഐ.-യുമായി ധാരണയിലെത്തി. ഇതു സംബന്ധിച്ച പുതുക്കിയ നിർദ്ദേശം, കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയം അംഗീകരിക്കുകയുണ്ടായി. ഇതിനായുള്ള ലൈസൻസ് എഗ്രിമെന്റ് അധികം താമസിയാതെ ഒപ്പുവെയ്ക്കുന്നതാണ്.

3. നിർദ്ദിഷ്ട വല്ലാർപാടം കണ്ടെയ്നർ ടെർമിനലുമായി ബന്ധപ്പെട്ട താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ കേന്ദ്ര സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി.

എ. 334 കോടി രൂപ ചെലവിൽ ദേശീയപാതയെ ടെർമിനലുമായി ബന്ധപ്പെടുത്തുന്ന പദ്ധതി.

ബി. 125 കോടി രൂപ ചെലവിൽ നിർദ്ദിഷ്ട ടെർമിനലിനെ റെയിൽവെ ലൈനുമായി ബന്ധപ്പെടുത്തുന്ന പദ്ധതി.

സി. 422 കോടി രൂപ ചെലവിൽ കപ്പൽചാലിലെ മണ്ണു നീക്കം ചെയ്ത് ആഴം കൂട്ടി കപ്പൽ ഗതാഗതവും ചരക്ക് കയറ്റിറക്കും സുഗമമാക്കുന്ന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർദ്ദിഷ്ട വല്ലാർപാടം ടെർമിനലിന്റെ ഒന്നാംഘട്ട വികസനം, നിലവിലുള്ള രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഡി.പി.ഐ. ഏറ്റെടുത്ത് നടത്തുന്ന തീയതി മുതൽ 2 വർഷത്തിനുള്ളിൽ നിർമ്മാണം ആരംഭിച്ച്, അടുത്ത 2 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ഇപ്പോൾ ധാരണയിലെത്തിയിരിക്കുന്നത്.

(സി) നിർദ്ദിഷ്ട ടെർമിനൽ വരുന്ന വല്ലാർപാടം, പുതുവൈപ്പ് ഏരിയ ഉൾപ്പെടുന്ന സ്ഥലത്തെ പോർട്ട് വെയ്സ്ഡ് സ്പെഷ്യൽ എക്കണോമിക് സോൺ ആയി മാറ്റുവാൻ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ടെർമിനലിനു വേണ്ടിയുള്ള ഭൂമിയുടെ സർവ്വേ വിവരങ്ങൾ ലഭ്യമായാലുടൻ ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. കേരള സർക്കാർ എസ്.ആർ.ഒ. നമ്പർ 944/2004 ആയി വിജ്ഞാപനം ചെയ്ത 1-9-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 49/2004/തൊഴിൽ ഉത്തരവ് പ്രകാരം, കൊച്ചിൻ സ്പെഷ്യൽ എക്കണോമിക് സോൺ ഡവലപ്മെന്റ് കമ്മീഷണറെ ഈ നോട്ടിഫിക്കേഷൻ ഗസറ്റിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുന്ന വ്യവസായ യൂണിറ്റുകളിലെ തർക്കങ്ങളിൽ മദ്ധ്യസ്ഥത വഹിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് (1947-ലെ 14-ാം കേന്ദ്ര ചട്ടം)-ലെ സെക്ഷൻ 4 പ്രകാരം ചുമതല നൽകിയിട്ടുണ്ട്.

പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക്‌ലിസ്റ്റ്

113 [118] ശ്രീ. ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വി. ഡി. സതീശൻ:
" ലൂഡി ലൂയിസ്:
" എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗ നിയമനത്തിനു വേണ്ടി പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ പേര് ചേർക്കപ്പെടേണ്ടവരുടെ എണ്ണം കുറയ്ക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം തുടങ്ങിയത് എന്നു മുതലാണ്;

(സി) റാങ്ക് ലിസ്റ്റുകളിൽ കുറച്ചുപേരെ മാത്രം ചേർക്കുന്നതിനാൽ അവ നിലവിലിരിക്കേണ്ട കാലാവധിക്കു മുമ്പ് തന്നെ അവയിൽ ഉൾപ്പെടുത്തിയിട്ടുള്ള വരെ നിയമിക്കപ്പെടുകയും റാങ്ക് ലിസ്റ്റ് ഇല്ലാതാവുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly